LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി : സർ, നിയമസഭയിൽ നമുക്ക് രാഷ്ട്രീയ പ്രസംഗങ്ങളും ആക്ഷേപ ആരോപണങ്ങളൊക്കെ ഉന്നയിക്കപ്പെടാം. അതൊക്കെ ഒരു മാന്യമായ നിലയിൽ ഉന്നയിക്കപ്പെടുന്നതിൽ പ്രശ്നമൊന്നുമില്ല. ഇവിടെ ആക്ഷേപവും ആരോപണവും ഉന്നയിക്കപ്പെട്ടത് എഴുതിത്തന്നിട്ടാണോ; അതോ എന്തെങ്കിലും രേഖയുടെ പിൻബലത്തിലാണോയെന്നറിയണം. ചെയർ ഇതിൽ ഇടപെടണം. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: ശ്രീ. ശിവൻകുട്ടി പറഞ്ഞു ഞാൻ മാന്യമായി സംസാരിക്കണമെന്ന്. ഞാൻ ഒരു കാര്യം പറയാൻ ഉദ്ദേശിക്കുകയാണ്. ഇപ്പോൾ പി. ശശിക്കെതിരെ സാത്വികനായ ഒരു എം.എൽ.എ. പരാതി എഴുതി കൊടുത്തു, മുഖ്യന്ത്രി കേസ് എടുത്തോ? എന്നാൽ ഒരു റൗഡി റഫ് ശ്രീ. കുഞ്ഞാലിക്കുട്ടിക്കെതിരെ ഇല്ലാത്ത കഥ പറഞ്ഞപ്പോൾ കേസ് എടുത്തിരിക്കുന്നു. ഇതാണോ മാന്യതയെന്ന് ശ്രീ. വി. ശിവൻകുട്ടിയോട് ഞാൻ ചോദിക്കുകയാണ്. യഥാർത്ഥത്തിൽ നിങ്ങളുടെ ദിവസങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 59 പഞ്ചായത്തുകളിൽ നിങ്ങൾക്ക് ഒരൊറ്റ അംഗങ്ങളില്ല. 96 പഞ്ചായത്തുകളിൽ നിങ്ങൾ ജയിച്ചത് ഒരിടത്താണ്. നിങ്ങൾ ജനങ്ങളിൽ നിന്ന് പൂർണ്ണമായി ഒറ്റപ്പെട്ടു. ഗ്രാമങ്ങളിലായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിത്തറ. ആ ഗ്രാമങ്ങളിലെ അടിത്തറ ഇളകിയിരിക്കുന്നു. ഈ സന്ദർഭത്തിൽ ചില അപവാദങ്ങൾ ഇവിടെ ഉയർത്തിക്കൊണ്ടുവന്ന് യു.ഡി.എഫ്. നേതാക്കന്മാരെ അങ്ങ് വിറപ്പിച്ചുകളയാമെന്നാണ് വ്യാമോഹിക്കുന്നത്. ഞങ്ങൾക്ക് അവരോട് പറയാനുള്ളത്, ശശിയുൾപ്പെടെയുള്ളവരെ സംബന്ധിച്ചുള്ള അവിഹിതവുമായി ബന്ധപ്പെട്ട ഒരുപാട് പുത്തൻ കാസറ്റുകൾ നാട്ടിലുണ്ടെന്ന് മാത്രമാണ്. നിങ്ങൾ ശ്രീ. അച്ചുതാനന്ദനെ മൽസരിപ്പിച്ചാലും ശ്രീ. പിണറായിയെ മൽസരിപ്പിച്ചാലും യാതൊരു പ്രശ്നവുമില്ല. ശ്രീ. വി. എസ്. മൽസരിച്ചാൽ വികസനവിരുദ്ധന് വോട്ടില്ലായെന്ന് ജനങ്ങൾ പറയും. ശ്രീ. പിണറായി മൽസരിച്ചാൽ അഴിമതി വീരന് വോട്ടില്ലായെന്ന് ജനങ്ങൾ പറയും. അതുകൊണ്ട് ഇനി ഒരിക്കലും കേരളത്തെ മുരടിപ്പിച്ച നിങ്ങളുടെ ഭരണം തിരിച്ചുവരില്ല എന്നുപറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ക്രമപ്രശ്നം

എം. എൽ. എ.-യെ പോലീസ് മർദ്ദിച്ച സംഭവം

ശ്രീ. ജി. കാർത്തികേയൻ : സർ, ഈ സഭയിലെ അംഗവും യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റുമായ ശ്രീ. പി.സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള യൂത്ത് നേതാക്കന്മാരും പ്രവർത്തകരും പോലീസിന്റെ മൃഗീയ വേട്ടയാടലിൽപ്പെട്ട് ഗുരുതരമായി പരുക്കേറ്റ് ആശുപത്രിയിലാണ്.....(ബഹളം).... അദ്ദേഹം ഈ സഭയിലെ അംഗമാണ്. ഞങ്ങൾ ആ സ്ഥലത്തുപോയിരുന്നു. നേതാക്കന്മാരും പ്രവർത്തകരും ഇപ്പോൾ ആശുപത്രിയിലാണ്. അത് ഇവിടെ നിന്ന്

ഒച്ചവയ്ക്കുന്ന മുൻ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. നേതാക്കന്മാരുടെ അറിവിലേക്ക് യൂത്ത് കോൺഗ്രസ്സ് നേതാക്കന്മാരെ ഇവരുടെ മുന്നിൽ വേട്ടയാടിയ കാര്യം ഞാൻ ഈ സഭയുടെ.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബന്ധപ്പെട്ട ആളുകൾ നടപടിയെടുക്കും.

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. പി. സി. വിഷ്ണുനാഥ് ഈ സഭയിലെ അംഗമാണ്.

റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: നടപടിയെടുക്കാനുള്ള ഏർപ്പാട് ചെയ്യാം..... ..(ബഹളം) ..... യെസ്.....നോ.....പ്ലീസ്....ശരിയല്ല....അത് ..... അതിന് നടപടി വേറെ എടുക്കാം.....വേറെ നടപടി എടുക്കാം.....ശ്രീ. സൈമൺ ബ്രിട്ടോ അങ്ങേയ്ക്ക് സംസാരിക്കാം.....(ബഹളം) ..... പ്ലീസ്... അടിയൊക്കെ നമ്മളൊക്കെ കൊണ്ടിട്ടുള്ളതല്ലേ പുതിയൊരു കാര്യമല്ല. യെസ്. അതിന് നടപടിയുണ്ടാകും..... നടപടിയെടുക്കാൻ ആവശ്യപ്പെടാം.....അത് പറയാം. യെസ്..... ബഹുമാനപ്പെട്ട സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് അങ്ങ് സഹകരിക്കുക. പ്ലീസ്, പ്ലീസ്... സഹകരിക്കുക. അല്ല, നടപടിയുണ്ടാകും, അതുവേറെ നടപടി.....ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് അങ്ങ് സംസാരിക്കുക.

ധനകാര്യം (തുടർച്ച)

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഞാൻ ഈ ഫൈനൽ സപ്ലിമെന്ററി ഡിമാന്റുകളെ മനസ്സും ഹൃദയവുംകൊണ്ട് പിന്തുണയ്ക്കുകയാണ്. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തുതന്ന നിരവധി കാര്യങ്ങൾക്ക് ഞാൻ ഈ അവസരത്തിൽ നന്ദി പറയുന്നതിനോടൊപ്പംതന്നെ ആംഗ്ലോ ഇന്ത്യൻ കൾച്ചറൽ സെന്ററിന് അനുവദിച്ച 10 ലക്ഷം രൂപ ഞാൻ ഈ ഘട്ടത്തിൽ അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്. ഈ ഗവൺമെന്റിന്റെ കൺസപ്റ്റ് ഡബ്ല്യൂ.ഇ.ഡി. എന്നത് ഞാൻ ആദ്യമേ സൂചിപ്പിക്കുകയാണ്. (വുമൺ എംപ്ലോയ്മെന്റ് ആന്റ് ഡെവലപ്മെന്റ്) ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 17.5 കോടി രൂപ മൂത്രപ്പുരയ്ക്ക് അനുവദിച്ചതിനെ പലരും ആക്ഷേപിക്കുകയുണ്ടായി. പക്ഷേ നമ്മൾ ഒന്നോർക്കേണ്ടത്, മനുഷ്യന്റെ ഏറ്റവും പ്രാഥമിക ആവശ്യമാണത്, അതൊരിക്കലും തടയാൻ കഴിയില്ല. അത് തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ രോഗം പിടിപെടുന്നതാണ്. ഇത്തരം ഏറ്റവും പ്രൈമറിയായ ഒരു കാര്യത്തിന് ഇത്രയധികം തുക അനുവദിച്ചത് എന്നാണ്. ഹയർ സെക്കന്ററി സ്ക്കൂളിന്, ബോട്ട് ജെട്ടിയിൽ, ബസ്സ്റ്റാന്റിൽ, പൊതുകെട്ടിടങ്ങളിൽ, കമ്പോളങ്ങളിൽ എല്ലാമുള്ള ഇതിന്റെ പ്രാധാന്യം ഒരു പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ സഹോദരങ്ങൾക്ക് അറിയില്ലായിരിക്കാം. കാരണം അവരുടെ കൂട്ടത്തിൽ സ്ത്രീകളില്ല. വിശേഷിച്ച് ഇത്തരം ആവശ്യങ്ങൾ കൊണ്ട് പൊതുസ്ഥലങ്ങളിൽ ബുദ്ധിമുട്ടുന്നത് സ്ത്രീകളാണ്. സ്ത്രീശാക്തീകരണത്തിന്റെ ഈ നാട്ടിൽ, സ്ത്രീകൾക്ക് 50 ശതമാനം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ ഇടവരുത്തിക്കൊടുത്ത ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly